



ഡോ. ആന്റണി കരിയിൽ, സി.എം.ഐ.
പ്രിയോർ ജനറാൾ

# സേവനത്തിന്റെ പാതയിലെ സി.എം.ഐ. സഭ




*സി.എം.ഐ സഭയുടെ മേജർ സെമിനാരി: ബാംഗളൂരിലെ ധർമ്മാരാം കോളജ്*

**1831-ൽ** കോട്ടയം ജില്ലയിലെ മാന്നാനംകുന്നിൽ ഒരു സുകൃതസമൂഹ ജീവിതം പൊട്ടിവിരിഞ്ഞു. അതായിരുന്നു സി.എം.ഐ. സഭ. നിർണായക ചരിത്രം ഉൾക്കൊള്ളുന്നതാണ് തുടർന്നങ്ങോട്ടുള്ള 19-ാം നൂറ്റാണ്ട്. ക്രൈസ്തവ സഭയിലും ജനസമൂഹത്തിലും ആത്മീയരംഗത്തെന്ന പോലെ ഭൗതിക, ബൗദ്ധികതലങ്ങളിലും നിരവധി പരിമിതികൾ. ദൈവാത്മാവിനാൽ നയിക്കപ്പെട്ട ചാവറയച്ചനും തന്നോടണിചേർന്ന സന്യാസസമൂഹവും ഒരു കാന്തിക വലയം സൃഷ്ടിച്ചു. ദൈവത്തെ നായകനായി മുന്നിൽ നിർത്തി; അവർ പടക്കുതിരകളും. ജനങ്ങളുടെ ആവശ്യങ്ങളെ അവർ സ്പർശിച്ചു. തൊട്ടതെല്ലാം പൊന്നായി മാറി. 1831-നും 1871-ൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ മരിക്കുന്നതിനുമിടയിലുള്ള നാല്പതു വർഷംകൊണ്ട് കേരളത്തിൽ എല്ലാ മേഖലകളിലും ഒരു നവോത്ഥാനമുണ്ടായി.

ഭാരതത്തിലെ ആദ്യ നൈയാമിക ക്രൈസ്തവ സന്യാ
സസഭ എന്ന വിധത്തിൽ വളരെയധികം പുതുമ നിറ
ഞ്ഞതും, ഒരേസമയം വിവിധ ആവശ്യങ്ങളിലേക്ക് ശ്രദ്ധ
തിരിക്കേണ്ടതുമായ സാഹചര്യമായിരുന്നു സഭയിലെ
ആദ്യഅംഗങ്ങൾക്ക്. ദൈവാരൂപിയിൽ നിറഞ്ഞ ഒരു ഗണം
വൈദികർ. അവരുടെ എല്ലാ ചലനങ്ങളും മറ്റു മതസ്ഥര
ടക്കം എല്ലാവരും ശ്രദ്ധയോടും താത്പര്യത്തോടും
വീക്ഷിച്ചു. പ്രാർഥനയും പ്രവർത്തനങ്ങളും സമന്വയിപ്പി
ച്ചുകൊണ്ടുള്ള അവരുടെ മുന്നേറ്റത്തിൽ ചുരുങ്ങിയ നാളു
കൾകൊണ്ട് കേരളത്തിന്റെ പല ഭാഗങ്ങളിലായി ഏഴു
സന്യാസാശ്രമങ്ങൾ ജനപ്രേരണയോടെ തുടങ്ങി. സിരാ
കേന്ദ്രമായ മാന്നാനത്ത് വൈദിക, സന്യാസ പരിശീലന
ത്തിനുള്ള സെമിനാരികൾ, വിദ്യാസ്ഥാപനങ്ങൾ, അച്ച
ടിശാലയും പ്രസിദ്ധീകരണങ്ങളും, അധ:കൃതരെ ഉദ്ധരി

ക്കുവാനുള്ള സാമൂഹ്യപ്രവർത്തനങ്ങളും വിശ്വാസപരിശീലന കേന്ദ്രവും; എല്ലാം ഒന്നിനു പുറകെ ഒന്നായി രൂപം കൊണ്ടു. ഇതുപോലെ മറ്റാശ്രമങ്ങളോടു ചേർന്നും പ്രവർത്തനങ്ങൾ തുടങ്ങാൻ ജനങ്ങളും ഇടവക വൈദികരും പ്രചോദിതരായി. സ്ത്രീകൾക്കുള്ള സന്യാസസഭയ്ക്കും തുടക്കമിട്ടതോടെ അടുക്കളയിലൊതുങ്ങിയിരുന്ന സ്ത്രീജനങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും സാമൂഹ്യസേവനരംഗങ്ങളിലൂടെയും സമൂഹത്തിന്റെ പൊതുധാരയിലേക്കിറങ്ങിത്തിരിച്ചു.

സന്യാസവൈദികർ ഇടവകകൾതോറും ധ്യാനപ്രസംഗങ്ങളും കുടുംബനവീകരണ പരിപാടികളുമായി കടന്നുചെന്നതോടെ ജനങ്ങളുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു. അവരുടെ പ്രവർത്തന മേഖലകൾ വർധിച്ചു. സന്യാസികൾക്കും ജനങ്ങൾക്കും ആവേശമായി. പാലയ്ക്കൽ, പോരൂക്കര തോമാച്ചന്മാരും ചാവറയച്ചനും ചേർന്നപ്പോൾ ഉണ്ടായ "ഈ മലയാളത്തിൽ വൈദികർക്കുപോലും ഒരു താപസഭവനമില്ലാത്തതിനാൽ ഏറിയ നന്മകൾക്ക് വീഴ്ചയായിരിക്കുന്നു" എന്ന തിരിച്ചറിവിൽ നിന്നുയിർകൊണ്ട സി.എം.ഐ. സഭയുടെ സിദ്ധി എന്തെന്നു വ്യക്തമായി. ദൈവമക്കളുടെ ആവശ്യങ്ങളെല്ലാം തിരുസഭയുടെ ആവശ്യങ്ങളാണെന്ന തിരിച്ചറിവ്. ദൈവത്തിനും ജനങ്ങൾക്കും വേണ്ടി ജീവിക്കുക. കാലത്തിന്റെ ചുവരെഴുത്തുകൾ തിരിച്ചറിഞ്ഞ് നന്മയായിട്ടുള്ളതൊക്കെ ചെയ്യുവാനുള്ള സ്വാതന്ത്ര്യമായിരുന്നു ആദ്യപിതാക്കളിലൂടെ സി.എം.ഐ. സഭയ്ക്കു ലഭിച്ച പൈതൃകം.




### സ്വന്തമെത്രാന്മാർക്കുവേണ്ടിയുള്ള ശ്രമം

ശീശ്മയിൽനിന്ന് കലുഷിതമായ അന്തരീക്ഷത്തിൽ കേരളസ ശീശ്മയിലേയ്ക്ക് വഴുതി വീണുകൊണ്ടിരുന്ന ഒത്തു ഭയെ, പരിശുദ്ധ മാർപാപ്പയുടെ പരമാധികാരത്തിൽ നിലനിർത്തുകയെന്നതായിരുന്നു ചേർത്ത് ഐക്യത്തിൽ ശീശ്മയെത്തുടർന്ന് സഭയുടെ ആദ്യ ശ്രമം. റോക്കോസ് ജനങ്ങളുടെ വീണ്ടും മേലൂസ് ശീശ്മ തലപൊക്കിയപ്പോൾ, ശമനം വരുത്താതെ കെട്ടടങ്ങാത്ത സ്വാതന്ത്ര്യദാഹത്തിന് സ്വന്തം മെത്രാൻ വഴിയില്ല എന്നവർ വിവേചിച്ചറിഞ്ഞു. കാര്യകാരണസഹിതം നാട്ടിലുണ്ടായാലേ പറ്റൂ എന്ന് റോമിലേക്കും മറ്റിതര നേതൃസ്ഥാനങ്ങളിലേക്കും അറിയിക്കുവാൻ അവർ നേതൃത്വമെടുത്തു. ജനങ്ങളുടെയും വൈദികരുടെയും ഒപ്പുകൾ ശേഖരിച്ച് ഇടവിടാതെ നിവേദനങ്ങൾ അയച്ചുതുടങ്ങി. ഇതിന്റെ പ്രത്യാഘാതഫലമായിരുന്നു വരാപ്പുഴ മെത്രാന്റെ കല്പനപ്രകാരം സി.എം.ഐ സഭയിലെ ഏഴു വീരസന്താനങ്ങളെ സഭയിൽനിന്നു ബഹിഷ്കരിക്കേണ്ടിവന്നതും, 'ഏഴു വ്യാകുല'ങ്ങളായി ഇവരെ കേരള സഭ നെഞ്ചിലേറ്റേണ്ടിവന്നതും.

എന്തായാലും അവരുടെ ത്യാഗങ്ങളും ശ്രമങ്ങളും ഫലമണിഞ്ഞു, 1886-ൽ സ്വന്തമെത്രാന്മാരോടുകൂടി രണ്ടു വികാരിയാത്തുകൾ ലഭിച്ചപ്പോൾ. മേലൂസ് ശീശ്മയെ ഉച്ചാടനം ചെയ്യുന്നതിൽ നിധീരിക്കൽ മാണിക്കത്തനാരും, 'ഏഴു വ്യാകുല'ങ്ങളിൽ ഒരാളായ പഴേപറമ്പിൽ ലൂയിസച്ചനും (പിന്നീട് മെത്രാൻ), കട്ടക്കയം വലിയ ചാണ്ടിച്ചൻ സി.എം.ഐയും മറ്റും എടുത്ത നേതൃത്വം ഏറ്റു പറയാതെ വയ്യ. വലിയ ചാണ്ടിയച്ചനെ, നിധീരിക്കൽ മാണിക്കത്തനാർ ലോകജേതാവായ അലക്സാണ്ടർ ചക്രവർത്തിയോടുപമിച്ചതും, അദ്ദേഹത്തിന്റെ ആത്മീയ നവീകരണപ്രവർത്തനങ്ങൾക്ക് പരിശുദ്ധ പിതാവ് ലെയോ 13-ാമനിൽ നിന്നു "മിഷനറി അപ്പസ്തോലിക്ക" എന്ന സ്ഥാനവും കീർത്തിമുദ്രയും ലഭിച്ച കാര്യവും ഇവിടെ സ്മരിക്കുന്നു.

### സി.എം.ഐ. സഭയും മിഷൻ പ്രവർത്തനങ്ങളും

തിരുസഭയുടെ ജീവിതത്തിൽ സന്യാസസമൂഹങ്ങൾ സജീവമായി പങ്കുകാരാകണമെന്നും, അവരവരുടെ പ്രത്യേക സിദ്ധിക്കനുസരിച്ച് സഭയുടെ വചനപ്രഘോഷണത്തിലും, ആരാധനക്രമത്തിലും അജപാലന ശുശ്രൂഷയിലും, ക്രൈസ്തവ സഭൈക്യപ്രവർത്തനങ്ങളിലും, മിഷൻ പ്രവർത്തനങ്ങളിലും സാമൂഹ്യപ്രവർത്തനങ്ങളിലും പങ്കുചേരണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദേശിച്ചു. (പി.സി. 2). എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നതിന് ഒരു നൂറ്റാണ്ടു മുമ്പു മുതൽ സി.എം.ഐ. സഭ ഈ ആശയങ്ങൾക്കൊത്തു പ്രവർത്തിച്ചു തുടങ്ങി എന്നു കാണാം. സഭ തുടക്കം മുതലേ ഒരു മിഷനറിസഭയായിരുന്നു. ഇന്നുവരെയുള്ള സഭയുടെ മിഷൻപ്രവർത്തനങ്ങളെ ആറുഘട്ടങ്ങളായി തിരിക്കാം.

## സി.എം.ഐ ജനറൽ കൗൺസിലർമാർ



ഫാ. മാത്യു കണിയാമ്പറമ്പിൽ
വികാരി ജനറാൾ.
(ജനറൽ കൗൺസിലർ, സുവിശേഷവത്കരണവും അജപാലനവും)



ഫാ. ജോസ് ചിറ്റിലപ്പള്ളി
വിദ്യാഭ്യാസം



ഫാ.ഓസ്റ്റിൻ കളപ്പുര
പ്രേഷിതപ്രവർത്തനം



ഫാ. ജസ്റ്റിൻ കോയിപ്പുറം
ഫിനാൻസ്



ഫാ. തോമസ് പുളിക്കൻ
ജനറൽ ഓഡിറ്റർ

### *1. കാറ്റിക്യുമനേറ്റുകളുടെ കാലം*

ഒന്നാം ഘട്ടം പ്രധാനമായും വചനപ്രഘോഷണങ്ങളുടെ കാലമായിരുന്നു. ജോസഫ് തയ്യിലച്ചൻ, കട്ടക്കയം വലിയ ചാണ്ടിയച്ചൻ, അപ്രേം കളത്തിലച്ചൻ, ജേക്കബ് പാലാക്കുന്നേലച്ചൻ എന്നിങ്ങനെ ആദ്യകാല അംഗങ്ങളെല്ലാം തന്നെ സുപ്രസിദ്ധ ധ്യാനഗുരുക്കളായിരുന്നു. ഇവരുടെ പ്രസംഗങ്ങൾ അകത്തും പുറത്തും വളരെയധികം ആളുകളിൽ മാനസാന്തരം ഉളവാക്കി. അക്രൈസ്തവരായ മാനസാന്തരപ്പെട്ടവർക്കുവേണ്ടി വിശ്വാസപഠന കേന്ദ്രങ്ങളായി മിക്കവാറും എല്ലാ ആശ്രമങ്ങളോടും ചേർത്ത് കാറ്റിക്യുമനേറ്റുകൾ തുടങ്ങി. മാന്നാനം, പുളിങ്കുന്ന്, എൽത്തുരുത്ത്, അമ്പഴക്കാട്, മുത്തോലി, ചെത്തിപ്പുഴ, വാഴക്കുളം, കുര്യനാട് എന്നിവയൊക്കെ ഇവയിൽ ചിലതാണ്. 1931 ആയപ്പോഴേക്കും ഇരുപതിനായിരത്തിലേറെ അംഗങ്ങളെ ക്രിസ്തുസഭയിലേക്കാനയിക്കുവാൻ സാധിച്ചു എന്ന് അന്നുണ്ടായിരുന്ന ആശ്രമങ്ങളിലെ രേഖകൾ സാക്ഷ്യം വഹിക്കുന്നു.

### *2. സി.എം.ഐ. സഭയും പുനരൈക്യശ്രമങ്ങളും*

കേരളസഭയിലെ പുനരൈക്യശ്രമങ്ങളിലും സഭാംഗങ്ങളുടെ പങ്ക് സുപ്രധാനമാണ്. 1920-നും 1935 നുമിടയിലുള്ള പുനരൈക്യശ്രമങ്ങളാണ് രണ്ടാംഘട്ടത്തിലേത്. കത്തോലിക്കാസഭയിൽനിന്നു വേർപിരിഞ്ഞുപോയ യാക്കോബായ സമൂഹത്തിന്റെ ഇടയിൽ പ്രവർത്തിക്കുന്നതിനായി 1921-ൽ കൊല്ലം രൂപതാധ്യക്ഷൻ അലോഷ്യസ് ബൻസിഗർ സഭാംഗങ്ങളെ ക്ഷണിച്ചു. അതിനു മുമ്പുതന്നെ കേരളസഭാ ചരിത്രകാരനും കൂടിയായ ബർണാർഡച്ചൻ പുനരൈക്യത്തിനുള്ള പ്രാർഥനകൾ അച്ചടിച്ച് ജനങ്ങൾക്ക് കൊടുത്തുകൊണ്ട് പ്രവർത്തനത്തിന് തുടക്കമിട്ടിരുന്നു. സ്റ്റീഫൻ തയ്യിലച്ചനും ഹൈസിന്ത് അച്ചനും ഹെൻട്രി, ഇഗ്നേഷ്യസ്, ഗ്രിഗറിയച്ചന്മാരും യാക്കോബായാക്കാരുടെയിടയിൽ പ്രവർത്തനങ്ങൾ തുടങ്ങിയതോടെ അവരുടെയിടയിലെ കത്തോലിക്കാസഭയോടുള്ള അതൃപ്തിയും ആശങ്കകളും കെട്ടടങ്ങിത്തുടങ്ങി. മാർപാപ്പയുടെ പ്രതിനിധി ലപ്പീസിയെ തിരുമേനിക്ക് ഗ്രിഗറിയച്ചൻ സമർപ്പിച്ച നിവേദനം ഉപകാരപ്രദമായി. തുടർന്ന് പുനരൈക്യത്തെക്കുറിച്ചുള്ള ചിന്തകളും പ്രവർത്തനങ്ങളും ശക്തിപ്പെടുകയും 1930-ൽ മാർ ഇവാനിയോസും മാർ തെയോഫിലസും അവരോടൊപ്പം അനേകം യാക്കോബായ അംഗങ്ങളും കത്തോലിക്കാ സഭയിലേയ്ക്ക് പുനരൈക്യപ്പെടുകയും ചെയ്തു.


അയിരൂർ, പുതുപ്പള്ളി, ചെത്തിപ്പുഴ തുടങ്ങിയ ആശ്രമങ്ങളോട് ചേർന്നും കൊല്ലം, തിരുവനന്തപുരം പ്രദേശങ്ങളിലും സഭ നടത്തിയ പുനരൈക്യശ്രമങ്ങൾ അനേകരെ കത്തോലിക്കാ സഭയിലേക്കാനയിക്കാൻ നിമിത്തങ്ങളായി. ഈ രംഗത്ത് സഭ നടത്തിയിരുന്ന 'ദീപിക' ദിനപത്രവും മറ്റിതര മാസികകളും വലിയ പങ്കുവഹിച്ചിട്ടുണ്ട്. പുതുതായി ആരംഭിച്ച മലങ്കര റീത്തിലെ തിരുവനന്തപുരം, തിരുവല്ലാ രൂപതകളുടെ ഔദ്യോഗിക ഉപദേശകനായിരുന്നു, സഭാംഗവും സുപ്രസിദ്ധ ചരിത്രകാരനുമായിരുന്ന പ്ലാസിഡ് പൊടിപാറയച്ചൻ. ഒ.ഐ.സി. സഭയുടെ സ്ഥാപകനായിരുന്ന മാർ ഇവാനിയോസിന്റെ താത്പര്യപ്രകാരം 1952 വരെ അവരുടെ ആത്മിയകാര്യങ്ങളിൽ സി.എം.ഐ. സഭാംഗങ്ങൾ സഹായികളായിരുന്നു.

### *3. സൗത് ഇന്ത്യൻ മിഷൻ*

സുറിയാനി കത്തോലിക്കരുടെ അതിർത്തിയായ പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും പുറത്തേക്കുള്ള മുന്നേറ്റമായിരുന്നു മൂന്നാംഘട്ടത്തിൽ. അന്നത്തെ കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളായ കന്യാകുമാരിയിലേക്കും വടക്കൻ പ്രദേശങ്ങളായ മലബാറിലേക്കുമുള്ള പ്രവർത്തനങ്ങളാണ് 1935-നു ശേഷമുള്ള ഈ ഘട്ടത്തിൽ നടന്നത്. കൊല്ലം , കോട്ടാർ രൂപതകളിലും തിരുവനന്തപുരം, കന്യാകുമാരി നാടാർ സമൂഹത്തിനിടയിലും തമിഴ്നാട്ടിലെ കോയമ്പത്തൂർ, സേലം, തൂത്തുക്കുടി പ്രദേശങ്ങളിലും മലബാറിലെ സുറിയാനി കത്തോലിക്കരായ കുടിയേറ്റക്കാരുടെയിടയിലുമുണ്ടായ സി.എം.ഐ. സാന്നിധ്യം അദ്ഭുതകഥകൾ കൊണ്ടു നിറഞ്ഞ സാഹസികതയുടെ ചരിത്രമാണ്.

അത്തനേഷ്യസ്, കെറുബിൻ, ബർണർഡിൻ, അന്തൊനീനൂസ് തുടങ്ങി അനേകം സഭാംഗങ്ങൾ മലബാർ പ്രദേശത്ത് അനേകം പള്ളികളും സ്കൂളുകളും റോഡുകളും പാലങ്ങളും എന്നു വേണ്ട ജനങ്ങൾക്കാവശ്യമുള്ളതെല്ലാം ഉണ്ടാക്കാൻ നേതൃത്വമെടുത്തു. റോമിലെ ഓറിയന്റൽ കോൺഗ്രിഗേഷനിൽ സീറോ മലബാർ സഭയുടെ കൺസൾട്ടറായിരുന്ന പ്ലാസിഡച്ചന്റെ ഇടപെടലുകൾ സീറോ മലബാർ സഭയുടെ അതിർത്തികൾ വ്യാപിപ്പിക്കുവാൻ കാരണമാകുകയും 1953-ൽ തലശേരി രൂപതയ്ക്ക് രൂപംകിട്ടാൻ സഹായകമാകുകയും ചെയ്തു. ഇക്കാര്യത്തിൽ ബോംബെ ആർച്ച്ബിഷപ്പായിരുന്ന കാർഡിനൽ റ്റിസ്സറിന്റിന്റെ സേവനവും നന്ദിയോടെ നമുക്കനുസ്മരിക്കാം. തലശേരിയുടെ ഭാഗമായിരുന്ന ഊട്ടി പ്രദേശങ്ങളിലേക്കും കർണാടകത്തിലേക്കും നമ്മുടെ അച്ചൻമാർ കടന്നു ചെന്നു. ജോബ് മൈലാടിയച്ചനും ബർക്കുമാൻസച്ചനുമൊക്കെ അവരിൽ ചിലരാണ്. ഹൈറേഞ്ച് പ്രദേശങ്ങളിലേക്ക് ആദ്യമായി കടന്നു ചെന്ന ശൗര്യാരച്ചനെ ആ നാട്ടുകാർ രണ്ടാം ശൗര്യാർ എന്നു വിളിക്കുന്നു. കോയമ്പത്തൂർ മിഷന് മലാഖിയാസച്ചനെ മറക്കാനാവില്ല. ഇപ്രകാരം കേരളത്തിലും ചുറ്റുപാടുമുള്ള സംസ്ഥാനങ്ങളിലും സഭാംഗങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ വഴി 1866-നും 1966-നുമിടയിൽ 48700 ലേറെ ആളുകളിൽ ക്രിസ്തു സന്ദേശം എത്തിക്കുവാനും

## സി.എം.ഐ പ്രൊവിൻഷ്യൽമാർ


ഫാ. തോമസ് മാമ്പ്ര
തിരുവനന്തപുരം



ഫാ. ജോസഫ് വടക്കൻ
കോട്ടയം


ഫാ. മാത്യു വട്ടത്തറ
കളമശേരി


ഫാ. ജൊവാക്കിം പുഴക്കര
മൂവാറ്റുപുഴ


ഫാ. ജെറോം ചെറുശേരി
തൃശൂർ


ഫാ. മാത്യു ചാലിൽ
കോഴിക്കോട്


ഫാ. ജോൺ പീറ്റർ
മുരിങ്ങത്തേരി
കോയമ്പത്തൂർ


ഫാ. തോമസ് ആയാംകുടി
മൈസൂർ

വിശ്വാസത്തിൽ ഉറപ്പിക്കുവാനും സാധിച്ചു എന്ന് സഭയുടെ രേഖകളിൽ കാണുന്നു.

***4. ഇറാക്ക്, ഇറാൻ മിഷൻ***

1938-ൽ ഇറാനിലേക്ക് ഒരു ഗ്രൂപ്പ് പോകാൻ തയാറെടു ത്തെങ്കിലും പെട്ടെന്നവിടെയുണ്ടായ ചില രാഷ്ട്രീയ പ്രതി സന്ധികൾമൂലം പരിപാടി വേണ്ടെന്നു വച്ചു. പിന്നീട് പാത്രിയർക്കീസിന്റെ ക്ഷണപ്രകാരം അനു 1960-ലാണ് കൂല സാഹചര്യം തുറന്നുകിട്ടിയത്. ഇതായിരുന്നു നാലാം ഘട്ടം. വെർജിൻ, മാർസൽ, ഫാബിയാൻ, എമ്മാനുവേൽ എന്നീ അച്ചന്മാരായിരുന്നു അവിടത്തെ മിഷനറിമാർ. ആദ്യം ഇറാക്കിലും പിന്നീട് ഇറാനിലുമായി നടത്തിയ മിഷൻ പ്രവർത്തനങ്ങൾ 1966-ഓടെ ഉപേക്ഷിക്കേണ്ടി വന്നു. കാരണം 97 ശതമാനത്തോളം വരുന്ന മുസ്‌ലിം ജന തയുടെയിടയിലെ പ്രവർത്തനങ്ങൾ വളരെ ദുഷ്കരമായി രുന്നു. ഇന്ത്യ വിട്ടുള്ള ആദ്യശ്രമമായിരുന്നു നാലാംഘട്ട ത്തിൽ നടത്തിയത്. ആറുവർഷംകൊണ്ട് ഇവർക്കവിടെ വിശ്വാസവഴിയിൽ പലതിനും അടിസ്ഥാനമിടുവാൻ കഴിഞ്ഞു. പാത്രിയർക്കിസ് തിരുമേനി മനസില്ലാ മനസോ ടെയാണ് അവരെ തിരിച്ചയച്ചതും.

***5 നോർത്ത് ഇന്ത്യൻ മിഷൻ***

സി.എം.എ. സഭയുടെ വിപുലമായ മിഷൻ പ്രവർത്ത നങ്ങൾ അരങ്ങേറിയത് 1954 മുതലുള്ള വടക്കേ ഇന്ത്യൻ മിഷനുകളിലൂടെയാണ്. ഇതായിരുന്നു അഞ്ചാംഘട്ട ത്തിന്റെ തുടക്കം. റെയ്ഗാർ, അംബികപ്പൂർ രൂപതയിലേക്ക് സഭാംഗങ്ങളെ ബിഷപ് സെവറിൻ ക്ഷണിച്ചു. അന്ന് സഭ യ്ക്കുണ്ടായിരുന്ന മൂന്നു പ്രോവിൻസുകളിൽനിന്ന് കാസി യൂസ്, ദിയാഗോ, വിയാനി എന്നീ അച്ചന്മാരെ മിഷനിലേക്ക് യാത്രയാക്കി. അതോടെ വടക്കേ ഇന്ത്യ സഭയുടെ പ്രധാന പ്രവർത്തന മേഖലയായി. 1962-നും 1977- നുമിടയിൽ ഛാന്ദാ, സാഗർ, ജഗ്ദൽപ്പൂർ, ബിജിനോർ, രാജ്ക്കോട് എന്നീ അഞ്ച് മിഷൻ രൂപതകളും 1999-ൽ അദിലബാദ് രൂപതയും പരിശുദ്ധ പിതാവ് സഭയുടെ പ്രവർത്തനങ്ങൾക്കായി ഏല്പിച്ചുതന്നു. 2,67,253 ചതുരശ്ര കിലോമീറ്റർ വിസ്തീർണവും 49,160 കത്തോലിക്കരുമുള്ള ആറു വടക്കേ ഇന്ത്യൻ സീറോ-മലബാർ മിഷൻ രൂപതകളെ സി.എം.ഐ. മെത്രാന്മാരാണ് നയിക്കുന്നത്. ഈ ആറ് രൂപതകളിലും കേരളത്തിനു പുറത്തുള്ള മറ്റു സംസ്ഥാനങ്ങളിലുമായി സഭ യുടെ ഏഴ് പ്രോവിൻസുകളും ഒരു റീജിയനും രണ്ട് സബ് റീജിയനുകളും ഇവിടങ്ങളിൽ 466 വൈദികരും പ്രവർത്തി ക്കുന്നു.

***6. സി.എം.ഐ. സഭ മറ്റു രാജ്യങ്ങളിൽ***

വിദേശരാജ്യങ്ങളിൽ സഭയുടേതായ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളെ ആറാം ഘട്ട ത്തിൽപെടുത്താം. ഇന്ന് റോം, ജർമനി, യു.എസ്.എ., ആഫ്രിക്ക എന്നിവിടങ്ങളിലായി ആറ് സ്ഥാപനങ്ങളുണ്ട്. ആഫ്രിക്കയിൽ പുതുതായി ഒരു സബ് റീജിയനും നോവി ഷ്യേറ്റുഭവനവും ആരംഭിച്ചു. ആഫ്രിക്കൻ, പാശ്ചാത്യനാ ടുകളിലായി 20 ഓളം രാജ്യങ്ങളിൽ 237 അംഗങ്ങൾ മിഷൻ പ്രവർത്തനങ്ങളും അജപാലനശുശ്രൂഷകളും നടത്തുന്നു. ഇവരിൽ ചിലർ ഉപരിപഠനവും നടത്തുന്നവരാണ്. ഇങ്ങനെ സഭയുടെ എഴുന്നൂറിലേറെ അംഗങ്ങൾ കേരള ത്തിനു വെളിയിൽ ഇന്ത്യയിലും വിദേശങ്ങളിലുമായി വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

***7. വിസ്തൃത അജപാലനരംഗങ്ങൾ***


സഭയുടെ ആരംഭകാലത്ത് വചനപ്രഘോഷണവും കൂദാ ശകളുടെ പരികർമവുമായിരുന്നു പ്രധാനപ്പെട്ട രണ്ട് അജ പാലന ശുശ്രൂഷകൾ. സഭാംഗങ്ങളുടെ എണ്ണം കൂടുകയും




ഫാ. ജോർജ് ഓലിക്കൽ
ചാന്ദ



ഫാ. ജയിംസ് പനയ്ക്കൽ
ജഗദൽപുർ



ഫാ. ലൂയിസ്
മാളിയേക്കൽ
സാഗർ



ഫാ. പോൾ കണ്ണൂർകാട്ട്
രാജ്കോട്ട്



ഫാ. ജെറാൾഡ്
പടിഞ്ഞാറേപ്പീടിക
ബിജ്നോർ

പല പ്രോവിൻസുകളും ഉണ്ടാവുകയും ചെയ്തപ്പോൾ പ്രവർത്തനമേഖലകളും വർധിച്ചു. പൗരോഹിത്യ ശുശ്രൂഷകളിൽ പുതിയ രൂപഭാവങ്ങൾ ഉണ്ടായി. അങ്ങനെ പ്രോവിൻസുകളിലും പൊതുമേഖലയിലും ധ്യാനകേന്ദ്രങ്ങളും, ബൈബിൾ പഠനകേന്ദ്രങ്ങളും, കൗൺസിലിംഗ് സെന്ററുകളും, എക്യുമെനിക്കൽ ഡയലോഗ്സെന്ററുകളും, മതാന്തരസംവാദ കേന്ദ്രങ്ങളും, കൾച്ചറൽ സെന്ററുകളുമെല്ലാം പ്രവർത്തനനിരതമായി. ബാംഗളൂർ, കോയമ്പത്തൂർ, റോം തുടങ്ങിയ മതാന്തര സംവാദകേന്ദ്രങ്ങൾ, കൊച്ചി, കോഴിക്കോട്, തൊടുപുഴ, കോട്ടയം എന്നിവിടങ്ങളിലെ കൾച്ചറൽ സെന്ററുകൾ, ധ്യാനകേന്ദ്രങ്ങളായ തലോർ ജറുസലം, തളിപ്പറമ്പ് ദർശന, കർമൽ സ്പിരിച്ചാലിറ്റി സെന്റർ യു.എസ്.എ, പൂർണോദയ ഭോപ്പാൽ, സി.എസ്.ആർ. പരിയാരം എന്നീ ആത്മീയ നവീകരണകേന്ദ്രങ്ങൾ ഇവയിൽ ചിലതു മാത്രമാണ്.

ഇതുകൂടാതെ പല സഭാംഗങ്ങളും രൂപതകളുടെ ഇടവകകളിൽ വികാരിമാരായി സഹായിക്കുന്നുണ്ട്. സഭയുടെ പല ഭവനങ്ങളോടും ചേർന്ന് ഇടവകകളും നടത്തിവരുന്നു. 1988-ൽ കെ.സി.ബി.സി. ഭരമേല്പിച്ചതുപ്രകാരം മുംബൈയിലെ 50,000 ലേറെ വരുന്ന സീറോ മലബാർ സഭാംഗങ്ങളുടെ അജപാലനാവശ്യങ്ങൾ അധികവും നിർവഹിച്ചിരുന്നത് സി.എം.ഐ. സഭാംഗങ്ങളായിരുന്നു. ബാംഗളൂർ സിറ്റിയിൽ സീറോ മലബാർ സഭയുടെ ചില ഇടവകകളും സബ്സെന്ററുകളും സഭാംഗങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നു. റോമിൽ താമസിക്കുന്ന സീറോ മലബാർ സഭാംഗങ്ങളുടെ അജപാലന ശുശ്രൂഷകളും സഭാംഗങ്ങളെയാണ് ഏല്പിച്ചിരിക്കുന്നത്.

### *വൈദിക പരിശീലനരംഗം*

വൈദിക പരിശീലനരംഗത്തും സഭയുടെ തുടക്കം മുതൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഇന്ന് സന്യാസപരിശീലനത്തിനുവേണ്ടിയുള്ള 35 സ്ഥാപനങ്ങൾ കൂടാതെ മൂന്ന് മേജർ സെമിനാരികൾ ബാംഗളൂർ, വാർധ, ഭോപ്പാൽ എന്നിവിടങ്ങളിലും കൂടാതെ പൂനയിൽ ഒരു മേജർ സ്റ്റഡി ഹൗസും സഭയുടേതായി പ്രവർത്തിക്കുന്നു. വാർധയിലും ഭോപ്പാലിലും മിഷനറിമാരെ ഒരുക്കുന്നതിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പരിശീലനമാണ് നൽകുന്നത്, അതിനോടൊപ്പം സാംസ്കാരിക സമന്വയവും. ബാംഗളൂർ ധർമാരം വിദ്യാക്ഷേത്രത്തിൽ സഭാംഗങ്ങളോടൊപ്പം വിവിധ രൂപതകളിലേയും സന്യാസ, സന്യാസിനി സമൂഹങ്ങളിലേയും അംഗങ്ങൾക്ക് തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കാനുള്ള സൗകര്യം ഉണ്ട്. ഇപ്പോൾ 950 ഓളം വിദ്യാർഥികൾ പഠിക്കുന്നു. വിവിധ ഫാക്കൽട്ടികളും അനുബന്ധസ്ഥാപനങ്ങളുമുള്ള വിദ്യാക്ഷേത്രം താമസിയാതെ എക്ലോസിയാസ്റ്റിക്കൽ യൂണിവേഴ്സിറ്റിയായി ഉയർത്തപ്പെടുമെന്നു പ്രതീക്ഷിക്കുന്നു. ഭോപ്പാലിലെ ആഷ്ട റീജിയനൽ സെമിനാരിയും കോൽക്കത്തയിലെ മോർണിംഗ് സ്റ്റാർ സെമിനാരിയും കുറേക്കാലത്തേക്ക് സി.എം.ഐ. അച്ചന്മാരായിരുന്നു റെക്ടർമാരായി നയിച്ചിരുന്നത്. ഇപ്പോൾ ആഫ്രിക്കയിൽ നമീബിയായിലെ സെമിനാരിയെ നയിക്കുന്നത് സഭാംഗങ്ങളാണ്.

### *ഇതരസന്യാസസഭകളുമായുള്ള പങ്കുവയ്ക്കൽ*

സി.എം.ഐ. സഭയ്ക്ക് തുടക്കമിട്ടപ്പോൾ സന്യാസജീവിതത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ജീവിതക്രമങ്ങൾ രൂപപ്പെടുത്താൻ വേണ്ട നിർദേശം തരാൻ ഇന്ത്യയിൽ ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് വിദേശമിഷനറിമാരുടെ സഹായമായിരുന്നു ലഭിച്ചത്. അവരുടെ സഹായങ്ങൾ നന്ദിയോടെ ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. സി.എം.ഐ. സഭ തുടങ്ങിയതിനുശേഷം കേരളത്തിലുണ്ടായ ഏതദേശീയ സന്യാസസഭകൾ പലതും വിവിധ മേഖലകളിൽ സഭാംഗങ്ങളുടെ സേവനം തേടിയിരുന്നു. അവരുടെ സഭയുടെ നിയമാവലികൾ രൂപപ്പെടുത്തുന്നതിലും, പരിശീലനരംഗത്ത് നോവീസ് മാസ്റ്ററായും ആത്മീയപാലകരായും, ഡലഗേറ്റും ചാപ്ലയിൻസുമായുമെല്ലാം സേവനങ്ങൾ പങ്കിടുവാൻ കഴിഞ്ഞിരുന്നു എന്നതും സഭ സന്തോഷത്തോടെ സ്മരിക്കുന്നു. സഹോദരിസഭയായ സി.എം.സി.യുടെ കാര്യത്തിൽ പ്രത്യേകിച്ചും. ഭാരതസംസ്കാരവും പാരമ്പര്യങ്ങളും, സീറോമലബാർ സഭയുടെ തനിമയും ഉൾക്കൊണ്ടു വളർന്നുവന്ന പരിചയസമ്പന്നസമൂഹം എന്ന നിലയിലായിരിക്കാം പുതുതായി രൂപം കൊണ്ട പല സഭകളും ഇത്തരം സേവനങ്ങൾക്കായി കർലീത്താസഹോദരിമാരെ ക്ഷണിച്ചത് എന്നു കരുതുന്നു.

### *വിദ്യാഭ്യാസ സാമൂഹ്യരംഗങ്ങൾ*

സി.എം.ഐ. സഭയുടെ രണ്ടു പ്രധാന പ്രവർത്തനമേഖലകളാണ് വിദ്യാഭ്യാസവും സാമൂഹ്യസേവനവും. 19-ാം നൂറ്റാണ്ടിന്റെ പകുതിവരെ കേരളജനത പ്രത്യേകിച്ചും കത്തോലിക്കാസമൂഹം വിദ്യാഭ്യാസരംഗത്തു വളരെ പിന്നോക്കമായിരുന്നല്ലോ. ഈ രംഗത്ത് വാഴ്ത്തപ്പെട്ട ചാവറയച്ചൻ ഏല്പിച്ച ദൗത്യം സഭ ഊർജസ്വലതയോടെ തുടരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് നേതൃത്വമെടുക്കാൻ സാഹചര്യങ്ങൾ അദ്ദേഹത്തെ അനുവദിച്ചില്ലെങ്കിലും, അദ്ദേഹം സ്ഥാപിച്ച സ്കൂളിന്റെ തുടർച്ചയായി കേരള സുറിയാനി കത്തോലിക്കാ സഭയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ 1885-ൽ മാന്നാനത്തുണ്ടായി. ഇന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി മെഡിക്കൽ കോളജ്, എൻജിനീയറിംഗ് കോളജ്, യൂണിവേഴ്സിറ്റി കോളജുകൾ, ടെക്നിക്കൽ സ്കൂളുകൾ,പ്രഫഷനൽ സ്കൂളുകൾ എന്നിങ്ങനെ നേഴ്സറി സ്കൂളുകൾ വരെയുള്ള 525 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഭ നേതൃത്വം കൊടുക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ ആദ്യത്തെ സർക്കാരേതര സ്ഥാപനങ്ങളിൽപെടുന്നതാണ് പുന്നപ്ര പോളിടെക്നിക്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ പിടിയരി പിരിച്ചും, മറ്റുള്ള



*സി.എം.ഐ. പ്രിയോർ ജനറാൾ ഹൗസ്, എറണാകുളം*

വരിൽനിന്ന് ഇതര സഹായങ്ങൾ സ്വീകരിച്ചും, ആശ്രമ
ത്തിൽനിന്നെടുത്തും സമൂഹത്തിലെ താഴേക്കിടയിലുള്ളവ
രുടെ ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്കുവേണ്ടി
പലതും പ്രവർത്തിച്ചു. അദ്ദേഹം നിർദേശിച്ചു : "അന്യ
ന്മാർക്ക് വല്ല ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയു
സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല" എന്ന്. സാമൂ
ഹ്യസേവനരംഗത്ത് സഭ നേതൃത്വം കൊടുക്കുന്ന 233 സ്ഥാപ
നങ്ങൾ ഉണ്ട്. മെഡിക്കൽകോളജും ഹോസ്പിറ്റലുകളും
ക്ലിനിക്കുകളും, ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളും, ഗ്രാമ
വികസനകേന്ദ്രങ്ങളും, സ്ത്രീജനസമഗ്രവികാസകേന്ദ്രങ്ങളും
ഇവയിൽപ്പെടുന്നു.

സഭയുടെ എല്ലാ പ്രോവിൻസുകളും അതിന്റെ സുഹൃ
ത്തുക്കളും ചേർന്ന് 1985-ൽ ആരംഭിച്ച ഒരു സാമൂഹ്യ സന്ന
ദ്ധസംഘടനയാണ് 'സിറിയക് ഏലിയാസ് വോളന്ററി അസോ
സിയേഷൻ (CEVA). രാഷ്ട്രീയ മതപരിഗണനകൾക്കതീത
മായി സമൂഹത്തിൽ അവശതയനുഭവിക്കുന്ന ജനവിഭാഗ
ങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കയും മറ്റു സംഘ
ടനകൾക്ക് ആവശ്യമായ പ്രോത്സാഹനവും മാർഗനിർദേ
ശവും നൽകുകയുമാണ് 'സേവാ'യുടെ പ്രവർത്തനങ്ങൾ.
കാൾക്യുബൽ ഫൗണ്ടേഷൻ, ജർമൻ ഗവൺമെന്റ്, യൂറോ
പ്യൻ യൂണിയൻ മുതലായ ഏജൻസികളുടെ സാമ്പത്തിക
സഹായത്തോടെ 'സേവാ'യുടെ കോ- ഓർഡിനേഷനിൽ
മൂന്നു മുതൽ അഞ്ചുവരെ വർഷം നീണ്ടുനിൽക്കുന്ന 57
വലിയ പദ്ധതികളും ഏകവർഷകാലാവധി വരുന്ന 507
ചെറിയ പദ്ധതികളും ആവിഷ്കരിച്ച് സാമൂഹ്യസേവനരം
ഗത്ത് ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 'സേവ'യുടെ
പ്രവർത്തനങ്ങൾ ഇന്ന് ഭാരതത്തിന്റെ എല്ലാ സംസ്ഥാനങ്ങ
ളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യമുള്ളവർക്കു
വേണ്ടി സഭ നടത്തുന്ന സേവനങ്ങളും ഫാ. ഫെലിക്സ്
സി.എം,ഐയുടെ പങ്കും അന്തർദേശീയ അംഗീകാരം കിട്ടി
യിട്ടുള്ളതാണ്.

ഇത്തരത്തിൽ ഭാരതത്തിന്റെ സാമൂഹിക സാമ്പത്തിക വികസനരംഗത്ത് വലിയ സേവനത്തിനു നേതൃത്വമെടുക്കുവാൻ സാധിക്കുന്നതിൽ സി.എം.ഐ സഭ ചാരിതാർഥ്യത്തോടെ സന്തോഷിക്കുന്നു.

സഭയുടെ നേതൃത്വത്തിൽ നൂറുവർഷത്തിലധികം നയിച്ചിരുന്ന 'ദീപിക' ദിനപത്രം സാമൂഹ്യഅനീതികൾക്കെതിരെ എന്നും പടപൊരുതിയിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ദീപിക ഏർപ്പെടുത്തിയ സമാഹരണ പദ്ധതി വഴി ശേഖരിച്ച അനേകായിരം രൂപാ യൂറോപ്പിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് അയച്ചുകൊടുത്തതിന് വത്തിക്കാനിൽനിന്ന് അഭിനന്ദനങ്ങളും ആശംസകളും സ്വീകരിക്കാനും കഴിഞ്ഞു എന്നതും അഭിമാനത്തോടെ ഓർക്കുന്നു.

### *സി.എം.ഐ. സഭ മാധ്യമലോകത്ത്*

മാധ്യമലോകം ഇന്നു ലോകത്തെ കീഴടക്കിയിരിക്കുന്നു. ഈ രംഗത്തു വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ചുവടുപിടിച്ചു സഭ കൂടുതലായി ശ്രദ്ധ പതിപ്പിച്ചത് പ്രിന്റ് മീഡിയായി




*അമല ഹോസ്പിറ്റൽ, തൃശൂർ*

ലാണ്. ദീപികയായിരുന്നു ഈ രംഗത്തെ സുപ്രധാന കാൽവയ്പ്. സഭയുടേതായി ഇന്നു പതിനേഴ് പബ്ലിഷിംഗ് ഹൗസുകളും ഇരുപതു ബുക്ക് ഹൗസുകളും പതിമൂന്ന് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇംഗ്ലീഷ്, മലയാളം, മറ്റിതര ഭാഷകളിലായി ഉണ്ട്. ദൈവശാസ്ത്രം, തത്വ ശാസ്ത്രം, ബൈബിൾ, ആത്മീയശാസ്ത്രം, ധർമശാസ്ത്രം, ചരിത്രം, ആരാധനാക്രമം, സാമൂഹ്യശാസ്ത്രം, സാഹിത്യം എന്നീ മേഖലകളിൽ സഭാംഗങ്ങൾ പുസ്തകങ്ങൾ രചി ച്ചുകൊണ്ട് അറിവിന്റെ ലോകത്തേയ്ക്ക് ധാരാളം സംഭാവ നകൾ നൽകുന്നുണ്ട്. ഇന്ത്യൻ തിയോളജിയിൽ ബ്രിട്ടോ ചെത്തിമറ്റമച്ചനും, തിരുസഭാചരിത്രത്തിൽ പ്ലാസിഡച്ചനും, മുണ്ടാടൻ മത്യാസച്ചനും ആരാധനാക്രമ നവീകരണത്തിൽ സിലാസച്ചനും, ആരാധനാഗാനങ്ങളിൽ ആബേലച്ചനും, ലിറ്റർജിക്കൽ ആർട്ടിൽ ജോയി ഇളംകുന്നപ്പുഴയച്ചനും, ബൈബിളിൽ ജോസഫ് പാത്രപാങ്കലച്ചനും, പോൾ കല്ലു വീട്ടിലച്ചനും, സാഹിത്യത്തിൽ ചെറിയാൻ കുനിയന്തോ ടത്ത് അച്ചനും സെഡ് എം. മൂഴൂരച്ചനുമൊക്കെ വ്യക്തി മുദ്ര പതിപ്പിച്ചവരാണ്. വിശുദ്ധ കുർബാനയൊഴിച്ച് ഇന്നു പയോഗിക്കുന്ന ആരാധനാക്രമത്തിലെ അധികം ക്രമങ്ങളും ആബേലച്ചൻ രചിച്ചതാണ്. സീറോ മലബാർ സഭയുടെ ഹിന്ദി ആരാധനാക്രമം രൂപീകരിക്കുന്നതിൽ സഭാംഗങ്ങ ളുടെ പങ്ക് എടുത്തുപറയേണ്ടതാണ്. ബൈബിളിലെ പഞ്ച ഗ്രന്ഥിയും പുതിയനിയമവും കേരള കത്തോലിക്കരുടെയി ടയിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്ത ആദ്യവ്യ ക്തിയും സഭാംഗമായ ആണ്ടുമാലി മാണിക്കത്തനാരാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചൻ മുതൽ ഇന്നുവരെ സഭാംഗങ്ങ ളിലൂടെ മാത്രം വിവിധ വിഷയങ്ങളിൽ ആയിരം കൃതിക ളെങ്കിലും സമൂഹത്തിനു കാഴ്ചവയ്ക്കാൻ സാധിച്ചിട്ടു ണ്ടെന്നു സന്തോഷത്തോടെ ഓർക്കുന്നു.

സമ്പർക്കമാധ്യമരംഗത്ത് സിനിമ, റേഡിയോ, ടെലിവി ഷൻ, ഇന്റർനെറ്റ് തുടങ്ങിയവ എല്ലാ മനുഷ്യരുടെയും തന്നെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ആധു നികമായ എല്ലാ സൗകര്യങ്ങളോടുംകൂടി ശബ്ദ, ചിത്രസം യോജന സംവിധാനങ്ങളോടുകൂടിയ രണ്ട് ആർട്ട് സ്റ്റുഡി യോകളാണ് തൃശൂരിലെ ചേതനയും സാഗറിലെ നവചേത നയും. ഇവയിലൂടെ മലയാളത്തിലും, ഹിന്ദിയിലും മറ്റിതര ഭാഷകളിലും ധാരാളം ക്രിസ്ത്യൻ ഗാനങ്ങളും ഇതരകലാ വതരണങ്ങളും പുറത്തുവരുന്നു.സി.എം.ഐ. സഭ അതിന്റെ വളർച്ചയുടെ വിവിധ പടികളിലൂടെ കടന്ന് 175-ാം വയസി ലേയ്ക്ക് എത്തിനിൽക്കുകയും സ്ഥാപക പിതാക്കളിൽ ഒരു വനായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജനനത്തിന്റെ ദ്വിശ താബ്ദി ആഘോഷങ്ങൾക്ക് തുടക്കമിടുകയും ചെയ്തിരി ക്കുന്നു. 2695 അംഗങ്ങളും 13 പ്രോവിൻസുകളും ഒരു റീജി യനും നാലു സബ് റീജിയനുകളും ആറു മിഷൻ രൂപതക ളുമുള്ള സഭ, ആദ്യപിതാക്കന്മാരിൽനിന്നു സ്വീകരിച്ച സിദ്ധി കൾക്കനുസരിച്ച് കാലത്തിന്റെ ചുവരെഴുത്തുകൾ വായി ച്ചുകൊണ്ട് തിരുസഭയെയും ലോകസമൂഹത്തെയും ശുശ്രൂ ഷിക്കുന്നു.ഈ ശ്രമത്തിനിടയിൽ തെറ്റുകളും കുറവുകളും പലതും കണ്ടെത്താൻ കഴിഞ്ഞേക്കാമെങ്കിലും 'അണ്ണാൻകു ഞ്ഞിനും തന്നാലായത്' എന്നപോലെ സി.എം.ഐ. സഭ പ്രവർത്തനനിരതമായിരിക്കുന്നു.

**ഉപകരിച്ച പഠനസഹായികൾ**

1. I.C. Chacko- മാർ ലൂയിസ് പഴേപറമ്പിൽ
2. Prior General's House-സി.എം.ഐ. മിഷൻ അന്നും ഇന്നും
3 Bartholomew and Placid- The Carmelite Congregation of Malabar- 1831-1931.
4. Podipara Placid, The Thomas Christians
5. Ralph CMI, The Apostolate of the CMI Congregation among the Jacobites.
6. Archives, Prior General's House, Ernakulam.
7. അതിരൂപതാ പ്രസിദ്ധീകരണം-ചങ്ങനാശേരി അതിരൂപത. ഇന്നലെ, ഇന്ന്.
8. Fr. Thomas Panthaplackal, Carmelites of Mary Immaculate (CMI) in the Mission of the Church (Thesis).

# സി.എം.ഐ മുൻ പ്രിയോർ ജനറൽമാർ


ചാവറയച്ചൻ
1885-1871


സിറിയക് എലിസേവൂസ്
1871-1885


ബിഷപ് ആൻഡ്രൂ അജുതി
1886-1891


കർദിനാൾ ലിമിയോണി
1891-1892


ബിഷപ് ബർണാർഡ്
1892-1902


ഫാ.അലക്സാണ്ടർ (സീനിയർ) കട്ടക്കയം
1902-1908


ഫാ.ബേസിൽ
1908-1914


ഫാ.അലക്സാണ്ടർ (ജൂണിയർ) കട്ടക്കയം
1914-1917, 1920-1923


ഫാ.ഗബ്രിയേൽ
1917-1920


ഫാ.അലോഷ്യസ്
1923-1926


ഫാ.ജോൺ ബർക്ക്മാൻസ്
1926-1932, 1942-1947


ഫാ.സിൽവസ്റ്റർ
1932-1936


ഫാ.ബർത്തലോമിയോ
1936-1942


ഫാ.വിൻസെന്റ്
1947-1952


ഫാ.മാവുരൂസ്
1953-1966


ഫാ.കനീഷ്യസ്
1966-1972


ഫാ.തിയോ ബാൾഡ്
1972-1978


ഫാ.തോമസ് ഐക്കര
1978-1984


ഫാ. വിജയാനന്ദ്
1984-1990


ഫാ.തോമസ് മാമ്പ്ര
1990-1996


ഫാ.അലക്സ് ഊക്കൻ
1996-2002

# Carmelites of Mary Immaculate

| | | | |
|---|---|---|---|
| Bishops | 6 | Social Service Centres | 99 |
| Priests | 1415 | Children's Homes | 4 |
| Permanent Deacons | 4 | Boys' Homes | 6 |
| Brothers | 41 | Homes for theAged | 2 |
| Scholastics | 603 | Homes for the Handicaped | 5 |
| Novices | 180 | Medical College | 1 |
| Aspirants | 486 | Engineering College | 1 |
| Total Members | 2732 | University Colleges | 17 |
| Deceased | 601 | Parallel Colleges | 5 |
| General Curia | 1 | B.Ed Colleges | 4 |
| Provinces | 13 | Nursing Schools | 4 |
| Region | 1 | Polytechnic | 1 |
| Sub-Region | 4 | ITC & Technical Institutes | 11 |
| Mission Dioceses | 6 | CBSE Schools | 35 |
| Canonical Houses | 40 | ICSE Schools | 8 |
| Houses | 41 | Higher Secondary Schools | 43 |
| Residences | 76 | High Schools | 75 |
| Centres | 84 | Upper Primary Schools | 77 |
| Aspirants' House | 27 | Lower Primary Schools | 82 |
| Novitiates | 11 | Nursery Schools | 81 |
| In India | 10 | Non-formal Ed.Centres | 79 |
| Outside India | 1 | Hostel and Boarding Houses | 35 |
| Renewal Centres | 3 | Cultural & Dialogue Centres | 17 |
| Parishes | 75 | Printing and Publishing Houses | 16 |
| Hospitals | 12 | Periodicals | 13 |
| Dispensaries/Clinics | 36 | Book Houses | 19 |
| Science Research Cen11tre | 1 | Mission Stations | 135 |
| Institutions for Mentally Challenged | 4 | | |